പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 377 24.08.2017 -ലെ മറുപടി

## ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ | മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | മൂവാറ്റുപുഴവാലി, കാരാപ്പുഴ, ഇടമലയാർ എന്നീ ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് നടന്ന യോഗത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | മൂവാറ്റുപുഴവാലി, കാരാപ്പുഴ, ഇടമലയാർ എന്നീ ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് 12/04/2017ൽ ആസൂത്രണ ബോർഡിൽ യോഗം ചേരുകയും പദ്ധതികളെപ്പറ്റി വിശദമായി പഠിക്കുന്നതിനുവേണ്ടി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുവാൻ നിശ്ചയിക്കുകയുമുണ്ടായി. |
| ബി) | പ്രസ്തുത യോഗത്തിൽ തീരുമാനിച്ച വിദഗ്ധ സമിതിയുടെ ഘടന വ്യക്തമാക്കുമോ; | ബി) | അഞ്ച് അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള വിദഗ്ധ സമിതിയെ യാണ് പദ്ധതിയുടെ പഠനത്തിനായി നിയോഗിച്ചിട്ടുള്ളത്. അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) ഡോ.രാമകുമാർ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - ചെയർമാൻ<br>2) ജലവിഭവ വകുപ്പ് സെക്രട്ടറി/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ<br>3) ഡോ.ഇന്ദുമതി.എം.നമ്പി - അസോസിയേറ്റ് പ്രൊഫസർ, ഐ.ഐ.റ്റി, ചെന്നൈ<br>4) ഡോ.ഇ.ജെ.ജെയിംസ് - മുൻ ഡയറക്ടർ, CWRDM<br>5) ചീഫ് (അഗ്രികൽച്ചർ ഡിവിഷൻ), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - കൺവീനർ & മെമ്പർ സെക്രട്ടറി |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സമിതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | സി) | മേൽ പ്പറഞ്ഞ പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് സമിതി പ്രധാനമായും പഠനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിദഗ്ധ സമിതി ഇതിനോടകം തന്നെ ഇടമലയാർ ഇറിഗേഷൻ പദ്ധതി, കാരാപ്പുഴ പദ്ധതി, ബാണാസുരസാഗർ പദ്ധതിയും സന്ദർശിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**